**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2474** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2019 -ന് കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2019ന് ചേർന്ന യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. 1) നിലവിലുള്ള സ്ഥലത്തെക്കുറിച്ചും അതിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചും ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുമ്പോഴുള്ള പ്രശ്നങ്ങളെയും അതിനുള്ള പരിഹാരങ്ങളെയും ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിലെ പരിസ്ഥിതി വകുപ്പിനെ അറിയിക്കുന്നതിനായി തീരുമാനിച്ചു. ഈ സ്ഥലം ഏറ്റെടുക്കുന്നതിനും നിലവിൽ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനും നിദാനമായ ഓർഡറിനെ സംബന്ധിച്ച് നിയമപരമായ പരിഹാര നിർദ്ദേശങ്ങൾ രേഖാമൂലം പരിസ്ഥിതി വകുപ്പിനെ അറിയിക്കണമെന്ന് തീരുമാനിച്ചു. 2) നിലവിലുള്ള മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാകളക്ടർ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഡി.പി.ആർ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിനും തീരുമാനിച്ചു. 3) കണ്ടൽ കാടുകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കണ്ടൽ കാടുകളുടെ നശീകരണം ഒഴിവാക്കുന്നതിനും ഏതെങ്കിലും കാരണവശാൽ കണ്ടൽ ചെടികൾ ഒഴിവാക്കേണ്ടി വരുന്ന സാഹചര്യത്തിൽ അതിനു പകരം കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇക്കാര്യം കേന്ദ്ര പരിസ്ഥിതി വകുപ്പിനെ അറിയിക്കാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ